കോളേജുകളിലെ വിദ്യാഭ്യാസ നിലവാരം

15(*255) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക സർവ്വകലാശാലയുടെ കീഴിലുള്ള കോളേജുകളിലെ വിദ്യാഭ്യാസ നിലവാരം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത സർവ്വകലാശാലയുടെ കീഴിലുള്ള സ്വാശ്രയകോളേജുകളിലെ അദ്ധ്യാപകരെ എ.ഐ.സി.റ്റി.ഇ. മാനദണ്ഡം അനുസരിച്ചാണോ നിയമിക്കുന്നത്;

(സി) പ്രസ്തുത അദ്ധ്യാപകർക്ക് മെച്ചപ്പെട്ട സേവന-വേതന വ്യവസ്ഥകൾ ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല 2015-16 അദ്ധ്യയന വർഷം മുതലാണ് കോളേജുകൾക്ക് അഫിലിയേഷൻ നൽകിയത്. അതിന്റെ തുടർച്ചയായി കോളേജുകളുടെ അക്കാദമികവും ഭൗതികസാഹചര്യങ്ങളും ഉൾപ്പെടെ വിലയിരുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് സ്വാശ്രയമേഖലയിലുള്ള എഞ്ചിനീയറിംഗ് കോളേജുകളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ട്. ചില എഞ്ചിനീയറിംഗ് കോളേജുകളിൽ അസ്സോസ്സിയേറ്റ്, പ്രൊഫസർ തസ്തികകളിൽ യോഗ്യരായ അദ്ധ്യാപകർ എ.ഐ.സി.റ്റി. ഇ-മാനദണ്ഡപ്രകാരം ഇല്ലായെന്നും വിജയശതമാനം കുറവുള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ നിലവാരത്തകർച്ച നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയുടെ കീഴിലുള്ള അദ്ധ്യാപകരെ അതത് മാനേജ്മെന്റ് ആണ് നിയമിക്കുന്നത്. എന്നാൽ അധ്യാപക നിയമനം നടക്കുമ്പോൾ എ.ഐ.സി.റ്റി.ഇ. നിബന്ധനകൾ പാലിയ്ക്കണമെന്ന് സർവ്വകലാശാല നിഷ്കർഷിച്ചിട്ടുണ്ട്.

(സി) സാങ്കേതിക ശാസ്ത്ര സർവ്വകലാശാല, അധ്യാപകർക്ക് എ.ഐ.സി.റ്റി.ഇ. മാനദണ്ഡം അനുസരിച്ചുള്ള സേവന-വേതന വ്യവസ്ഥകൾ ഉറപ്പാക്കണമെന്ന് അനുശാസിച്ചുകൊണ്ട് ഉത്തരവ് നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ്

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം (എ) ആയി ചേർക്കുന്നു. അൺ-എയ്ഡഡ് കോളേജുകളിലെ അധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച് സർക്കാർ GO(MS)No. 552/2014/H.Edn dated 19-7-2014 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധം (ബി)* ആയി ചേർക്കുന്നു.

അദ്ധ്യാപക പരിശീലനം

16(*256) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. കെ.രാജു :
ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപകർക്ക് പുതിയ പാഠപുസ്തക പ്രകാരമുള്ള പരിശീലനം യഥാസമയം നൽകാൻ കഴിയാതെ വന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാഠപുസ്തകം അടിസ്ഥാനമാക്കി ഏതു തരത്തിൽ ക്ലാസ്സുകൾ നടത്തണമെന്ന ലഘുലേഖ അദ്ധ്യാപകർക്ക് യഥാസമയം വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസം വന്നത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്താമോ;

(സി) കാലഘട്ടത്തിനനുസരിച്ച് പുസ്തകത്തിനൊപ്പം അദ്ധ്യാപകരേയും നവീകരിക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ; എങ്കിൽ വിശദമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) പുതിയ പാഠപുസ്തകപ്രകാരമുള്ള പരിശീലനം അദ്ധ്യാപകർക്ക് യഥാസമയം നൽകിയിട്ടുണ്ട്. 2015-16 അദ്ധ്യയന വർഷത്തിൽ സ്കൂളുകളിൽ ഏർപ്പെടുത്തിയ പരിഷ്കരിച്ച പാഠ്യപദ്ധതിയുടെയും പാഠപുസ്തകങ്ങളുടെയും അടിസ്ഥാനത്തിൽ സംസ്ഥാനത്തെ പ്രൈമറി, ഹൈസ്കൂൾ വിഭാഗങ്ങളിലെ മുഴുവൻ അദ്ധ്യാപകർക്കും 2015 ഏപ്രിൽ, മെയ് മാസങ്ങളിൽ പരിശീലനം നൽകിയിരുന്നു. കൂടാതെ പരിശീലന ഷെഡ്യൂളുകൾ തയ്യാറാക്കിയാണ് സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിന് പരിശീലനം നൽകിയത്. പുതിയ പാഠപുസ്തകങ്ങളെ അടിസ്ഥാനമാക്കി എല്ലാ അദ്ധ്യാപകർക്കും ക്ലസ്റ്റർ പരിശീലനവും നൽകുന്നുണ്ട്.

(ബി) ക്ലാസ് റൂം വിനിമയം എങ്ങനെയാവണമെന്ന നിർദ്ദേശങ്ങൾ ഉൾപ്പെടെ, എല്ലാ ക്ലാസ്സുകളിലെയും എല്ലാ വിഷയങ്ങളുടെയും അദ്ധ്യാപക സഹായികൾ (അദ്ധ്യാപക കൈപ്പുസ്തകം) യഥാസമയം തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly